**മധുരമായ കുട്ടികളെ- പാവനമായി മാറുന്നതിന് ഓർമ്മയുടെ യാത്ര അത്യാവശ്യമാണ്, മുഖ്യമായ വിഷയം ഇതുതന്നെയാണ്, ഈ യോഗബലത്തിലൂടെ നിങ്ങൾക്ക് സർവ്വീസബിളും ഗുണവാനുമാകാൻ സാധിക്കും.**

ചോദ്യം- നിങ്ങൾ കുട്ടികൾ പഠിക്കുന്ന യോഗം വളരെ വ്യത്യസ്തമാണ് എങ്ങനെ?
ഉത്തരം- ഇന്നുവരെ ആരെല്ലാം യോഗം പഠിച്ചോ പഠിപ്പിച്ചോ അതിലെല്ലാം മനുഷ്യൻ മനുഷ്യനിലേയ്ക്കാണ് യോഗം വെച്ചത്. എന്നാൽ ഇപ്പോൾ നമ്മൾ നിരാകാരനുമായാണ് യോഗം വെയ്ക്കുന്നത്. നിരാകാരനായ ആത്മാവ് നിരാകാരനായ അച്ഛനെ ഓർമ്മിക്കുന്നു- ഇതാണ് ഏറ്റവും വ്യത്യസ്തമായ കാര്യം. ലോകത്തിൽ ആര് ഭഗവാനെ ഓർമ്മിക്കുകയാണെങ്കിലും അത് ശരിയായ പരിചയമില്ലാതെയാണ്. കർത്തവ്യത്തെ മനസ്സിലാക്കാതെ ആരെ ഓർമ്മിച്ചാലും അത് ഭക്തിയാണ്. ജ്ഞാനവാനായ കുട്ടികൾ പരിചയത്തോടെയാണ് ഓർമ്മിക്കുന്നത്.

ഓംശാന്തി. ആത്മീയ അച്ഛൻ ഇരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്. കുട്ടികൾക്ക് ആദ്യമാദ്യം അച്ഛന്റെ പരിചയമാണ് ലഭിച്ചത്. ചെറിയ കുട്ടി ജനിക്കുമ്പോൾ ആദ്യമാദ്യം മാതാപിതാവിന്റെ പരിചയമാണ് ലഭിക്കുക. നിങ്ങൾ കുട്ടികൾക്കും നമ്പർവൈസായാണ് രചയിതാവായ അച്ഛന്റെ പരിചയം ലഭിച്ചിരിക്കുന്നത്. നിങ്ങൾ കുട്ടികൾക്ക് അറിയാം ഉയർന്നതിലും ഉയർന്നത് ബാബയാണ്, ബാബയുടെ മഹിമകൾ പറഞ്ഞുകൊടുക്കണം. മഹിമ പാടുന്നുമുണ്ട് ശിവായ നമ:, ബ്രഹ്മാ നമ:, വിഷ്ണു നമ: ഇത് അത്രയ്ക്ക് ശോഭിക്കുന്നില്ല. ശിവായ നമ: എന്നത് ശോഭനീയമാണ്. ബ്രഹ്മ ദേവതായെ മന:, വിഷ്ണു ദേവതായെ നമ: എന്നത് ശോഭിക്കുന്നതാണ്. അവരെ ദേവതാ എന്ന് പറയേണ്ടി വരും. മൂന്നു രൂപങ്ങളിലും ഓർമ്മിക്കേണ്ടത് ശിവബാബയെത്തന്നെയാണ്. ഇത് പക്കാ ആക്കിക്കൊടുക്കണം. നിങ്ങൾക്ക് അച്ഛന്റെ മഹിമ അറിയാമോ, എങ്കിലല്ലേ പാടാൻ കഴിയൂ. ലോകരാണെങ്കിൽ ഉയർന്നതിലും ഉയർന്ന അച്ഛനെ കല്ലിലും മുള്ളിലും അരോപിച്ചിരിക്കുകയാണ്. മനുഷ്യരുടെ ഉള്ളിലും ഉണ്ടെന്നു പറയുന്നു പക്ഷേ മനുഷ്യന്റെയുള്ളിൽ സദാ ഇരിക്കാൻ സാധിക്കില്ല. ബാബ അത് ലോണെടുക്കുകയാണ്. ബാബ സ്വയം പറയുന്നു ഞാൻ ഈ ശരീരത്തിന്റെ ആധാരം എടുക്കുകയാണ്. അതിനാൽ ആദ്യം ഈ കാര്യം പക്കാ ആക്കണം ബാബയാണ് സത്യം. ബാബയാണ് സത്യനാരായണന്റെ കഥ കേൾപ്പിക്കുന്നത്. സത്യമായ അച്ഛനാണ് നരനിൽ നിന്നും നാരായണനാക്കി മാറ്റിയത്. സത്യയുഗത്തിൽ ഈ ലക്ഷ്മീ നാരായണന്മാരുടെ രാജ്യമായിരുന്നു ഉണ്ടായിരുന്നത്. എങ്ങനെ അവരായിമാറി? ആരാണ് ആക്കി മാറ്റിയത്? എപ്പോൾ കഥ കേൾപ്പിച്ചു? എപ്പോഴാണ് രാജയോഗം പഠിപ്പിച്ചത്? ഇതെല്ലാം നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട്. ബാക്കിയെല്ലായോഗങ്ങളിലും മനുഷ്യൻ മനുഷ്യനുമായാണ് യോഗം വെയ്ക്കുന്നത്. മനുഷ്യരുടെ യോഗം നിരാകാരനുമായി അതും പരിചയത്തോടുകൂടി ഇത് നടക്കുന്നേയില്ല. ഇന്ന് ശിവഭഗവാനുമായി യോഗം വെയ്ക്കുന്നുണ്ട്, പൂജിക്കുന്നുണ്ട് പക്ഷേ ആർക്കും അവരെ അറിയില്ല. പ്രജാപിതാ ബ്രഹ്മാവ് തീർച്ചയായും സാകാരലോകത്തിലായിരിക്കും ഉണ്ടാവുക എന്നത് പോലും അറിയുന്നില്ല. ആശയക്കുഴപ്പത്തിലാണ്. പ്രജാപിതാ ബ്രഹ്മാവ് ആദ്യമാദ്യം സത്യയുഗത്തിലാണ് ഉണ്ടായിരിക്കേണ്ടത് എന്നാണ് അവർ കരുതുന്നത്. അഥവാ സത്യയുഗത്തിലാണ് പ്രജാപിതാ ബ്രഹ്മാവെങ്കിൽ പിന്നെന്തിനാണ് സൂക്ഷ്മവതനത്തിൽ കാണിച്ചിരിക്കുന്നത്? അർത്ഥം മനസ്സിലാക്കുന്നില്ല. ഇവിടെ സാകാരത്തിൽ കർമ്മബന്ധനത്തിലാണ്, അവിടെ സൂക്ഷ്മത്തിൽ കർമ്മാതീതമാണ്. ഈ ജ്ഞാനം ആരിലുമില്ല. ജ്ഞാനം നൽകുന്നത് ഒരേ ഒരു അച്ഛനാണ്. ബാബ എപ്പോൾ വന്നു ജ്ഞാനം നൽകുന്നുവോ അപ്പോഴേ നമ്മുക്ക് മറ്റുള്ളവരെ കേൾപ്പിക്കാൻ സാധിക്കൂ. ബാബയുടെ പരിചയം ആർക്കെങ്കിലും കൊടുക്കുക അതിസഹജമാണ്. അള്ളാഹുവിനെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കണം. ഇത് എല്ലാ ആത്മാക്കളുടേയും പരിധിയില്ലാത്ത അച്ഛനാണ്. ആർക്കും പരിചയം നൽകുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല. വളരെ സഹജമാണ്. പക്ഷേ നിശ്ചയമില്ലെങ്കിൽ, അഭ്യാസം ഇല്ലെങ്കിൽ മനസ്സിലാക്കിക്കൊടുക്കാൻ പറ്റില്ല. ആർക്കും ജ്ഞാനം നൽകുന്നില്ലെങ്കിൽ അർത്ഥം അജ്ഞാനിയാണെന്നതാണ്. ജ്ഞാനമില്ലെങ്കിൽ പിന്നെ ഭക്തിയല്ലേ. ദേഹാഭിമാനമാണ്. ജ്ഞാനമുണ്ടാകുന്നത് ദേഹീ അഭിമാനിയിലാണ്. നമ്മൾ ആത്മാക്കളാണ്, നമ്മുടെ അച്ഛൻ പരമപിതാ പരമാത്മാവ് നമ്മുടെ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. പ്രജാപിതാ ബ്രഹ്മാവുമുണ്ടല്ലോ. അച്ഛൻ പ്രജാപിതാ ബ്രഹ്മാവിന്റെ കർത്തവ്യം എന്താണെന്നും പറഞ്ഞുതന്നിട്ടുണ്ട്. അതുപോലെ തന്റെ കർത്തവ്യവും പറഞ്ഞുതന്നിട്ടുണ്ട്. മനുഷ്യരാണെങ്കിൽ ശിവനേയും ശങ്കരനേയും ഒരുമിപ്പിച്ച് ഒന്നാക്കി. ശങ്കരൻ കണ്ണ് തുറന്നപ്പോൾ വിനാശമുണ്ടായി എന്നു പറയുന്നു. ഇപ്പോൾ വിനാശമുണ്ടാകുന്നത് ബോംബുകളിലൂടെയും പ്രകൃതിക്ഷോപങ്ങളിലൂടെയുമാണ്. ശിവശങ്കര മഹാദേവാ എന്ന് വിളിക്കുന്നു. പക്ഷേ ഈ ചിത്രം യഥാർത്ഥമല്ല. ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ ചിത്രങ്ങളാണ്. അവിടെ

ഇങ്ങനെയുള്ള ഒരു കാര്യവുമുണ്ടാകില്ല. പ്രജാപിതാ ബ്രഹ്മാവും ദേഹധാരിയാണ്. എത്രയധികം കുട്ടികളാണ്. അതായത് ഈ ചിത്രങ്ങളെല്ലാം പൂജയ്ക്കായുള്ളതാണ്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഇത് വ്യക്തവും അത് അവ്യക്തവും. എപ്പോൾ അവ്യക്തമാകുന്നോ അപ്പോൾ മാലാഖയായി മാറുന്നു. മൂലവതനം, സൂക്ഷ്മവതനം തീർച്ചയായും രണ്ടുമുണ്ട്. സൂക്ഷ്മവതനത്തിലേയ്ക്കും പോകുന്നു. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് മനുഷ്യനായ പ്രജാപിതാ ബ്രഹ്മാവുതന്നെയാണ് മാലാഖയാവുന്നത്. പിന്നീട് രാജധാനിയിലും അവരെ കാണിക്കുന്നു. പിന്നീട് ഇവർ രാജ്യം ഭരിക്കും. സൂക്ഷ്മവതനത്തിലെ ചിത്രമില്ലെങ്കിൽ മനസ്സിലാക്കിക്കൊടുക്കുന്നത് ബുദ്ധിമുട്ടാകും. വാസ്തവത്തിൽ വിഷ്ണുവിന്റേത് ചതുർബുജങ്ങളുള്ള രൂപമൊന്നുമല്ല. ഇത് ഭക്തിമാർഗ്ഗത്തിലെ ചിത്രങ്ങളാണ്. ബാബ മനസ്സിലാക്കിത്തരുന്നു ആത്മാവിനുതന്നെയാണ് പതിതത്തിൽ നിന്നും പാവനമായി മാറേണ്ടത്. പവിത്രമായി തന്റെ വീട്ടിലേയ്ക്ക് പോകും. ആത്മാവ് നിരാകാരീ രൂപത്തിലാണിരിക്കുക, സാകാരരൂപം ഇവിടെയാണ്. ബാക്കി സൂക്ഷ്മവതനത്തിനായി മുഖ്യമായ കഥകളൊന്നുമില്ല. സൂക്ഷ്മവതനത്തിന്റെ രഹസ്യവും ബാബ ഇപ്പോഴാണ് മനസ്സിലാക്കിത്തരുന്നത്. അതിനാൽ മൂലവതനം, സൂക്ഷ്മവതനം പിന്നീടാണ് സ്ഥൂലവതനം. അതിനാൽ ആദ്യം എല്ലാവർക്കും അച്ഛന്റെ പരിചയം നൽകണം. ഭക്തിമാർഗ്ഗത്തിലും ബാബയെ അല്ലയോ ഭഗവാനേ, അല്ലയോ പ്രഭോ എന്ന് വിളിക്കുന്നുണ്ട്. അറിയുന്നില്ലെന്നുമാത്രം. എപ്പോളും ശിവപരമാത്മായെ നമ: എന്നാണ് പറയുന്നത്, ശിവദേവത എന്ന് ഒരിയ്ക്കലും പറയില്ല. ബ്രഹ്മദേവത എന്ന് പറയാറുണ്ട്. ശിവനെ പരമപിതാ പരമാത്മാവ് എന്നു തന്നെയാണ് പറയുന്നത്. ശിവദേവതാ എന്ന് ഒരുയ്ക്കലും പറയില്ല, ശിവപരമാത്മാ എന്നുമാത്രമാണ് പറയുന്നത്. പിന്നീട് അവരെ സർവ്വവ്യാപിയെന്ന് പറയാൻ സാധിക്കുമോ. പതിതരെ പാവനമാക്കി മാറ്റാനുള്ള കർത്തവ്യം ചെയ്യണം അത് തൂണിലും തുരുമ്പിലും പോയി ചെയ്യാൻ പറ്റുമോ? ഇതിനെത്തന്നെയാണ് ഘോരാന്ധകാരം എന്നു പറയുന്നത്. ഇതും ഡ്രാമയിൽ അടങ്ങിയതാണ്.

ബാബ വന്ന് മനസ്സിലാക്കിത്തരുകയാണ് യഥാ യഥാഹി........... എന്തിന്റെ ഗ്ലാനി? ലോകർ ആദ്യം സ്ലോകം കേൾപ്പിക്കുന്നു പിന്നീട് അർത്ഥം പറഞ്ഞുതരുന്നു. നിങ്ങൾ കുട്ടികൾ ഇത് അവിടെച്ചെന്ന് നോക്കണം. പറയണം ഞങ്ങൾ ഇതിന്റെ അർത്ഥം മനസ്സിലാക്കിത്തരാം. പിന്നീട് പെട്ടെന്ന് തന്നെ ഇരുന്ന് കേൾപ്പിക്കണം. ഇവർ ബി. കെയാണ് എന്ന് അവർക്ക് മനസ്സിലാകില്ല. വെള്ള വസ്ത്രം തന്നെയാണ് പക്ഷേ മുദ്രവെച്ചിട്ടൊന്നുമില്ലല്ലോ. നിങ്ങൾക്ക് എവിടെ വേണമെങ്കിലും പോയി കേൾക്കാം അതുപോലെ ഇതിന്റെ അർത്ഥം വിവരിക്കൂ എന്ന് ചോദിക്കാനും സാധിക്കും. അവർ എന്താണ് കേൾപ്പിക്കുന്നത് എന്ന് ശ്രദ്ധിക്കൂ. ബാക്കിയുള്ള ഇത്രയും ചിത്രങ്ങൾ വിശദമായി മനസ്സിലാക്കാനുള്ളതാണ്. ജ്ഞാനം പരിധിയില്ലാത്തതാണ്. സാഗരത്തെ മഷിയാക്കിയാലും............ തീരില്ല. പിന്നെ സെക്കന്റിന്റെ കാര്യവും കേൾപ്പിച്ചു, കേവലം ബാബയുടെ പരിചയം നൽകണം. ബാബ തന്നെയാണ് പരിധിയില്ലാത്ത അച്ഛൻ സ്വർഗ്ഗത്തിന്റെ രചയിതാവ്. നമ്മൾ എല്ലാവരും അവരുടെ സന്താനങ്ങൾ സഹോദരങ്ങളാണ്. അതിനാൽ തീർച്ചയായും നമ്മുക്ക് സ്വർഗ്ഗരാജ്യം ഉണ്ടാകണം, പക്ഷേ എല്ലാവർക്കും ലഭിക്കുക സാധ്യമല്ല. ബാബ വരുന്നതുതന്നെ ഭാരതത്തിലേയ്ക്കാണ് അതുപോലെ ഭാരതവാസികൾ തന്നെയാണ് സ്വർഗ്ഗവാസിയാകുന്നത്. ബാക്കിയുള്ളവർ വരുന്നത് പിന്നാലെയാണ്. ഇത് വളരെ സഹജമാണ്, പക്ഷേ മനസ്സിലാക്കുന്നില്ല. ബാബയ്ക്ക് അത്ഭുതം തോന്നുന്നു. ഒരു ദിവസം വേശ്യകളും വന്ന് കേൾക്കാൻ തുടങ്ങും. അവസാനം വരുന്നവർ വേഗതയിൽ മുന്നേറും. അവിടെച്ചെന്നും നിങ്ങൾക്ക് സേവനം ചെയ്യാൻ സാധിക്കും വളരെപ്പേർക്ക് ലജ്ജതോന്നുന്നു, ദേഹാഭിമാനം കൂടുതലാണ്. ബാബ പറയുന്നു വേശ്യകൾക്കും മനസ്സിലാക്കിക്കൊടുക്കണം. ഭാരതത്തിന്റെ പേരിനെ മോശമാക്കിയത് അവരാണ്. ഇതിന് മുഖ്യമായി യോഗബലം വേണം. തീർത്തും പതിതമാണ്, പാവനമാകാൻ ഓർമ്മയുടെ യാത്ര ആവശ്യമാണ്. ഇപ്പോൾ ആ ഓർമ്മയുടെ ബലം കുറച്ച് കുറവാണ്. ചിലരരിൽ ജ്ഞാനമുണ്ട് പക്ഷേ ഓർമ്മ കുറവാണ്. ബുദ്ധിമുട്ടുള്ള വിഷയമാണ്, എപ്പോൾ ഇതിൽ പാസാകുന്നുവോ അപ്പോഴേ വേശ്യകളുടെ ഉദ്ധാരണം ചെയ്യാൻ സാധിക്കൂ. നല്ല നല്ല അനുഭവിയായ മാതാക്കൾ ചെന്ന് മനസ്സിലാക്കിക്കൊടുക്കണം. കന്യകമാർക്ക് അനുഭവം ഉണ്ടാകില്ല. മാതാക്കൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ബാബ പറയുന്നു പവിത്രമായി മാറുകയാണെങ്കിൽ വിശ്വത്തിന്റെ അധികാരിയാകാം. ലോകം തന്നെ ശിവാലയമായിത്തീരും. സത്യയുഗത്തെ ശിവാലയം എന്നാണ് പറയുക, അവിടെ അളവറ്റ സുഖമാണ്. അവർക്ക് ഇങ്ങനെ മനസ്സിലാക്കിക്കൊടുക്കു അതായത് ബാബ പറയുകയാണ് ഇപ്പോൾ പവിത്രമായിരിക്കുന്നതിനുള്ള പ്രതിജ്ഞ ചെയ്യൂ. ഇങ്ങനെ പതിതരെ പാവനമാക്കി മാറ്റാൻ വാളിന് നല്ല മൂർച്ചവേണം. ഇതിൽ ഇപ്പോൾ കുറച്ച് പതുക്കെയാണ്. മനസ്സിലാക്കിക്കൊടുക്കുന്നതിലും നമ്പർവൈസാണ്. സെന്ററിലാണ് താമസിക്കുന്നത്. ബാബയ്ക്ക് അറിയാം എല്ലാവരും ഏകരസമല്ല. സേവനത്തിന് പോകുന്നവരിൽ രാത്രിയുടേയും പകലിന്റേയും വ്യത്യാസമുണ്ട്. അതിനാൽ ആർക്ക് പറഞ്ഞുകൊടുക്കുമ്പോഴും ആദ്യം അച്ഛനെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കു. ബാബയുടെ മഹിമ ചെയ്യൂ. ഇത്രയും ഗുണം ബാബയ്ക്കല്ലാതെ മറ്റാർക്കും ഉണ്ടാകില്ല. ബാബയാണ് ഗുണവാനാക്കി മാറ്റുന്നത്. ബാബ തന്നെയാണ് സത്യയുഗത്തിന്റെ

സ്ഥാപന ചെയ്യുന്നത്. ഇപ്പോൾ ഇത് സംഗമയുഗമാണ് നിങ്ങളിപ്പോൾ പുരുഷോത്തമനാവുകയാണ്. നിങ്ങൾ ഇരുന്ന് ആത്മാക്കൾക്കാണ് മനസ്സിലാക്കിക്കൊടുക്കുന്നത്. ആത്മാവിന്റേതാണ് ശരീരം എന്ന് മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്. എത്രത്തോളം മനസ്സിലാക്കുന്നുണ്ടെന്നത് മുഖം കണ്ടാൽ അറിയാം. ഏതെങ്കിലും വൃദ്ധയാണ് വന്നിരിക്കുന്നതെങ്കിൽ അവരുടെ മുഖം തന്നെ മാറിയിട്ടുണ്ടാകും. ആത്മാവാണെന്ന് മനസ്സിലാക്കി ഇരിക്കുകയാണെങ്കിൽ മുഖവും നല്ലതായിരിക്കും. ഇതും അഭ്യാസമാണ്. വീട്ടിൽ ഗൃഹസ്ഥത്തിൽ ഇരിക്കുന്നവർക്ക് ഇത്രത്തോളം കുതിക്കാൻ കഴിയില്ല എന്തുകൊണ്ടെന്നാൽ ജോലിയും കാര്യങ്ങളും ഉണ്ടാകും. പൂർണ്ണ അഭ്യാസം ചെയ്യണം അപ്പോഴേ നടക്കുമ്പോഴും കറങ്ങുമ്പോഴും, ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോളും പക്കയാവൂ. ഓർമ്മയിലൂടെയാണ് നിങ്ങൾ പാവനമാകുന്നത്. ആത്മാവ് എത്രത്തോളം യോഗത്തിൽ ഇരിക്കുന്നുവോ അത്രയും പാവനമായി മാറും. സത്യയുഗത്തിൽ നിങ്ങൾ സതോപ്രധാനമായിരുന്നു അതിനാൽ വളരെ സന്തുഷ്ടരായിരുന്നു.

ഇപ്പോൾ സംഗമത്തിൽ നിങ്ങൾ ചിരിച്ച് രസിച്ചുകൊണ്ടിരിക്കുകയാണ്, പരിധിയില്ലാത്ത അച്ഛനെ ലഭിച്ചു ഇനി എന്താണു വേണ്ടത്. അച്ഛനുമേൽ ബലിയാകണം. ധനികർ വളരെ വിരളമായേ വരാറുള്ളൂ. ദരിദ്രർക്കാണ് ലഭിക്കുന്നത്, ഡ്രാമതന്നെ അങ്ങനെയാണ് ഉണ്ടാക്കിയിരിക്കുന്നത്. പതുക്കെ പതുക്കെ വൃദ്ധി നേടക്കൊണ്ടിരിക്കും. കോടിയിൽ ചിലരാണ് വിജയമാലയിലെ മണിയാകുന്നത്. ബാക്കി നമ്പർവൈസായി പ്രജകൾ ഉണ്ടാകുന്നുണ്ട്. വളരെയധികം ഉണ്ടാകും. ധനികർ ദരിദ്രർ എല്ലാവരും ഉണ്ടാകും. ഇവിടെ പൂർണ്ണ രാജധാനി സ്ഥാപിക്കുകയാണ്. ബാക്കിയെല്ലാവരും തന്റെതന്നെ സെക്ഷനിൽ പോയിരിക്കും. അതിനാൽ ബാബ മനസ്സിലാക്കിത്തരുകയാണ് കുട്ടികൾക്ക് ദൈവീക ഗുണങ്ങളും ധാരണ ചെയ്യണം. നിങ്ങൾ കഴിക്കുന്നതും കുടിക്കുന്നതും വളരെ നല്ലതായിരിക്കണം. ഞാൻ ഇന്ന സാധനം കഴിക്കട്ടെ എന്ന ആഗ്രഹം പോലും നിങ്ങൾക്ക് വരരുത്. ഈ ആഗ്രഹങ്ങളെല്ലാം ഇവിടെയാണുണ്ടാവുക. ബാബ വലിയ വലിയ വാനപ്രസ്ഥികളുടെ ആശ്രമങ്ങൾ കണ്ടിട്ടുണ്ട്. വളരെ ശാന്തമായാണ് കഴിയുന്നത്. ഇവിടെയാണെങ്കിൽ പരിധിയില്ലാത്ത കാര്യങ്ങളാണ് ഇതെല്ലാം അച്ഛനാണ് മനസ്സിലാക്കിത്തരുന്നത്. വേശ്യകളും ബലഹീനരായവരും വരും അവർ നിങ്ങളേക്കാൾ വേഗത്തിൽ മുന്നോട്ടുപോകും. വളരെ ഫസ്റ്റ് ക്ലാസായ ഗീതം പാടും അത് കേൾക്കുമ്പോൾ തന്നെ സന്തോഷത്തിന്റെ അതിര് കടക്കും. എപ്പോഴാണോ ഇങ്ങനെ താഴെ വീണവരെ നിങ്ങൾ മനസ്സിലാക്കിക്കൊടുത്ത് ശ്രേഷ്ഠമാക്കുന്നത് അപ്പോൾ നിങ്ങളുടെ പേരും വളരെ ഉയർന്നതാകും. പറയും ഇവർ വേശ്യകളെപ്പോലും ശ്രേഷ്ഠമാക്കുന്നവരാണ്. സ്വയം പറയും ഞങ്ങൾ ശൂദ്രരായിരുന്നു, ഇപ്പോൾ ബ്രാഹ്മണനായി മാറി, വീണ്ടും ഞങ്ങൾ ദേവതാ ക്ഷത്രിയരായി മാറും. ബാബയ്ക്ക് ഓരോരുത്തരേക്കുറിച്ചും പറയാൻ സാധിക്കും ഇവർ ഉന്നതി നേടുമോ അതോ ഇല്ലയോ എന്ന്. പിന്നാലെ വരുന്നവർ മുന്നോട്ട് പോകും. മുന്നോട്ട് പോകവേ നിങ്ങൾ എല്ലാം കാണും. ഇപ്പോഴും കാണുന്നുണ്ട്. പുതിയ കുട്ടികൾ സേവനത്തിൽ എത്ര കുതിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യസാരം –

1. പതിതരെ പാവനമാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യൂ, അബലകൾക്കും വേശ്യകൾക്കും ജ്ഞാനം നൽകൂ, വീണവരെ എഴുന്നേൽപ്പിക്കൂ, അവരുടെ ഉദ്ധാരണം ചെയ്യൂ അപ്പോൾ പേര് പ്രശസ്തമാകും.

2. തന്റെ ദൃഷ്ടിയെ പാവനമാക്കുന്നതിനായി നടക്കുമ്പോഴും കറങ്ങുമ്പോഴും അഭ്യാസം ചെയ്യൂ– ഞാൻ ആത്മാവാണ്, ആത്മാവിനോടാണ് സംസാരിക്കുന്നത്. അച്ഛന്റെ ഓർമ്മയിൽ ഇരിക്കൂ എങ്കിൽ പാവനമായി മാറും.

## വരദാനം :– അനാദി സ്വരൂപത്തിന്റെ സ്മൃതിയിലൂടെ സന്തുഷ്ടതയുടെ അനുഭവം ചെയ്ത് ചെയ്യിപ്പിക്കുന്നവരായ സന്തുഷ്ടമണിയായി ഭവിക്കൂ.

തൻറെ അനാദി ആദി സ്വരൂപത്തിന്റെ സ്മൃതി കൊണ്ടുവരൂ ഈ സ്മൃതി സ്വരൂപത്തിൽ സ്ഥിതി ചെയ്യുമ്പോൾ സ്വയം സന്തുഷ്ടമായിരിക്കാൻ സാധിക്കും മറ്റുള്ളവർക്കും സന്തുഷ്ടതയുടെ വിശേഷ അനുഭവം ചെയ്യിപ്പിക്കൻ സാധിക്കും. അസന്തുഷ്ടതയുടെ കാരണം അപ്രാപ്തിയാണ്. താങ്കളുടെ

ശ്ലോകനാണ് – നേടേണ്ടത് നേടി കഴിഞ്ഞു. ബാബയുടെതായി മാറുക അർത്ഥം സമ്പത്തിന്റെ അധികാരിയായി മാറുക. ഇങ്ങനെ അധികാരി ആത്മാക്കൾ സദാ നിറഞ്ഞവരും സന്തുഷ്ടമണിയുമായിരിക്കും.

## സ്ലോഗൻ : ബാബയ്ക്ക് സമാനമായി മാറുന്നതിന് വേണ്ടി മനസ്സിലാക്കുന്നതും ആഗ്രഹിക്കുന്നതും, ചെയ്യുന്നതും ഈ മൂന്നിലും സമാനത ഉണ്ടായിരിക്കണം.

**അവ്യക്ത സൈലൻസിലൂടെ ഡബിൾ ലൈറ്റ് സ്ഥിതിയുടെ അനുഭവം ചെയ്യു.**

വരദാനി രൂപത്തിലൂടെ സേവ ചെയ്യുന്നതിനുവേണ്ടി ആദ്യം സ്വയത്തിൽ ശുദ്ധ സങ്കൽപങ്ങൾ ധാരണ ചെയ്യു. മുഴുവൻ ദിവസത്തിലും ശുദ്ധ സങ്കല്പങ്ങളുടെ സാഗരത്തിൽ അലയടിച്ചു കൊണ്ടേയിരിക്കു. ഏതുസമയം ആഗ്രഹിക്കുന്നോ ശുദ്ധ സങ്കല്പങ്ങളുടെ അടിത്തട്ടിലേക്ക് പോയി സൈലൻസിന്റെ സ്വരൂപത്തിൽ ഇരിക്കു. താങ്കളുടെ ഈ ഡീപ് സൈലൻസിന്റെ സ്ഥിതി വായു മണ്ഡലത്തെ പരിവർത്തനപ്പെടുത്തും താങ്കളും ഡബിൾ ലൈറ്റ് സ്ഥിതി അനുഭവം ചെയ്യു.